തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MCW PCW 2402**

## സാഹിത്യരചന

## നീതിയും സാഹിത്യഭാവനയും

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I.** **രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിലെ വ്യത്യസ്ത സമൂഹങ്ങൾ വ്യത്യസ്ത രീതിയിലാണ് ഉപയോഗപ്പെടുത്തിയത് - ഇന്ദുലേഖ, സരസ്വതിവിജയം എന്നീ നോവലുകളെ മുൻ നിർത്തി ചർച്ച ചെയ്യുക?

2. ‘ജാതി ഹിന്ദുക്കളിൽ നിന്നുയർന്നു വന്ന ഉൽപതിഷ്ണുക്കളുടെ ആശയലോകത്തിനാണ് ഇന്ത്യൻ ദേശീയതയിൽ മേൽകൈ ലഭിച്ചത്” ഈ പ്രസ്താവനയോട് യോജിക്കുന്നുവോ? സ്വമതം സ്ഥാപിക്കുക.

3. ചണ്ഡാലഭിക്ഷുകിയിൽ ബുദ്ധൻ പ്രസേനജിത്തിന് നൽകുന്ന ഉപദേശത്തിൽ നിന്ന് തെളിഞ്ഞുകിട്ടുന്ന രാഷ്ട്രസങ്കല്പമെന്ത്?

4. ജീവൽ സാഹിത്യം അവതരിപ്പിച്ച സൌന്ദര്യബോധത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു? ഇതിന്റെ മുഖ്യ പരിമിതികൾ ചർച്ച ചെയ്യുക.

5. പാട്ടബാക്കിയെ ഒരു റിയലിസ്റ്റ് നാടകം എന്ന തരത്തിൽ വിലയിരുത്തുക.

6. ഭരണകൂട വിമർശനമാണ് ആനന്ദിന്റെ രചനകളുടെ മുഖ്യ പ്രമേയം ചർച്ച ചെയ്യുക.

7. തീവ്ര ഇടതുഭാവന വിരചിച്ച ആദർശ ലോകത്തിന്റെ സ്വഭാവം എന്ത്?

8. സമത്വത്തിനുവേണ്ടിയുള്ള ഭാഷയുടെ മണ്ഡലത്തിൽ മടക്കുന്ന സമരം കൂടിയാണ് ദളിത് സാഹിത്യം ചാവലിയെ മുൻ നിർത്തി ചർച്ച ചെയ്യുക?

9. ആ വിളി മാറിക്കിട്ടാനാണ് ഞാൻ ആണായി അഭിനയിച്ചത്. നിന്റെ പെണ്ണും നിന്റെ ആണും ഞാനായിത്തീർന്നു.” സന്ദർഭം വിശദീകരിക്കുക.

10. സബാൾട്ടേൺ സമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ആത്മകഥയ്ക്കുള്ള സവിശേഷ സ്ഥാനമെന്ത്?

**II.** **അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. അച്ചടി കേരളത്തിൽ സൃഷ്ടിച്ച സാഹിതീയ പൊതുമണ്ഡലത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

12. ജാതി, വർഗ്ഗം എന്നീ സമവർഗ്ഗങ്ങളെ മുൻ നിർത്തി ഉയർന്നു വന്ന സംവാദങ്ങളെ ക്രോഡീകരിക്കുക.

13. കേരളത്തിലെ ഫ്യൂഡൽ ഭൂവുടമാബന്ധങ്ങളുടെ സവിശേഷതകൾ എന്തെല്ലാണ്? കോളോണിയൽ അടപെടലുകൾ അതിൽ സൃഷ്ടിച്ച പുതിയ പ്രവണതകൾ എന്തൊക്കെയായിരുന്നു?

14. അടിയന്തിരാവസ്ഥ സൃഷ്ടിച്ച പ്രതികരണങ്ങൾ മലയാള സാഹിത്യത്തിൽ ഒരു പുതുഭാവകത്വം തീർത്തു വിശദമാക്കുക.

******